LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ജലനിധി രണ്ടാംഘട്ട പദ്ധതിക്കായി ലോകബാങ്കിൽനിന്നും അധികഫണ്ട് ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അധികഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയുള്ളൂ.

(ഇ) കാസർഗോഡ് ജില്ലയിൽ ജലനിധി ഒന്നാംഘട്ടത്തിൽ കൊടംബെള്ളൂർ, കാറട്ക്ക എന്നീ രണ്ട് പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജലനിധിയുടെ രണ്ടാംഘട്ടത്തിൽ ബെള്ളൂർ, ദേലംപാടി, പുല്ലൂർപെരിയ, പടന്ന, പുത്തിഗെ, ബലാൽ, കിനാനൂർ, കരിന്തളം, ഈസ്റ്റ് എളേരി, മീഞ്ച, പൈവളികെ എന്നീ പഞ്ചായത്തുകളിൽ ജലനിധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

**ജലവിഭവ വകുപ്പിലെ പെൻഷൻ പരിഷ്കരണം**

154(852) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ പെൻഷൻ പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിൽ വരെ ആയി എന്നു വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ എന്തെങ്കിലും ഇറങ്ങിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 14-3-2017-ലെ സ.ഉ.(അച്ചടി)36/2017/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ 1-7-2014 മുതൽ പ്രാബല്യം നൽകിക്കൊണ്ട് പരിഷ്കരിച്ചിട്ടുണ്ട്.

(സി) മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ 4-4-2017-ലെ കെ.ഡബ്ല്യു.എ./ജെ.ബി./ഇ 1-7878/2017 നമ്പർ ഉത്തരവ് പ്രകാരം രണ്ട് പെൻഷൻ റിവിഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലുകളുടെ മേൽനോട്ടത്തിൽ പി.പി.ഒ. നമ്പർ 1 മുതൽ 4500 വരെയുള്ളവരുടെ പെൻഷൻ പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 3500 പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ നടപടികൾ 30-9-2017-ൽ പൂർത്തിയാക്കാവുന്ന രീതിയിൽ പുരോഗമിച്ചുവരുന്നു. പുതുക്കിയ നിരക്കിലുള്ള പെൻഷൻ എത്രയുംവേഗം വിതരണം ചെയ്യുന്നതിനുള്ള നടപടികളും കേരള ജല അതോറിറ്റി സ്വീകരിച്ചു വരുന്നു.